പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 64 — 27/06/2011 - ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് സംവിധാനം

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് സംവിധാനം എവിടെ യൊക്കെയാണ് നടപ്പിലാക്കിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) ജാഗരൂകവും, സമാധാനപരവും, വികസനോന്മുഖവുമായ ഒരു സമൂഹ സൃഷ്ടിക്കായി അച്ചടക്കം, ഉത്തരവാദിത്തബോധം, സാമൂഹ്യ പ്രതിബദ്ധത, സേവന സന്നദ്ധത തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിറുത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി കർമ്മ സേനയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.<br>1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.<br>2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസികമനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.<br>3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക. |

4. സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിയ്ക്കാനും പ്രവർത്തിയ്ക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

5.ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിയ്ക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെ പ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക

7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം പരിസ്ഥിതിസംരക്ഷണബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക

9. സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| | | | |
|---|---|---|---|
| (സി) | വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഉണ്ടെങ്കിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്പറ്റ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മാനന്തവാടി ഗവൺമെന്റ് സർവ്വജന വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, സുൽത്താൻബത്തേരി എന്നീ വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ